LIBRARY ARCHIVES Kerala Legislative Assembly

തുക ഓവർ ഡ്രാഫ്റ്റിൽ അടയ്ക്കുവാനും അതുവരെയുള്ള ബാങ്ക് പലിശ കോൺട്രാക്ടർ വഹിച്ചോളാമെന്നുമുള്ള ഒരു ഉടമ്പടി പ്രകാരമാണ് ഓവർ ഡ്രാഫ്റ്റ് സമ്പ്രദായം അനുവദിച്ചുനൽകിയത്. 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിക്കാനും കൂടുതൽ തുക നേടിയെടുക്കാനും സാധിച്ചതുവഴി 262.53 കോടി രൂപയുടെ കടിശ്ശിക ബില്ലുകൾ കൊടുത്തു തീർക്കുവാൻ കഴിഞ്ഞു. എന്നാൽ ചില കോൺട്രാക്ടർമാർ അതാതു ബില്ലുകളുടെ ഓവർ ഡ്രാഫ്റ്റ് കാലാവധിയുടെ പലിശ അടയ്ക്കുവാനുള്ള എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചു. ഇത് കേരള വാട്ടർ അതോറിറ്റിക്ക് അധിക സാമ്പത്തിക ബാദ്ധ്യത വരുവാനുള്ള സാഹചര്യം ഉള്ളതിനാൽ 1-4-2021 മുതൽ ഓവർ ഡ്രാഫ്റ്റ് സമ്പ്രദായം പുനഃസ്ഥാപിച്ചിട്ടില്ല.

ബാങ്കുകളുടെ ഉപഭോക്തൃ സൗഹൃദമല്ലാത്ത നടപടികൾ

85(94) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പൊതുമേഖല ബാങ്കുകൾ ഉൾപ്പടെയുള്ള ബാങ്കുകൾ ഉപഭോക്തൃ സൗഹൃദമല്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാങ്കിംഗ് കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇന്ത്യയുടെ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് സംസ്ഥാനത്തെ ബാങ്കുകളെല്ലാംതന്നെ ബാങ്കിംഗ് ഉപഭോക്താക്കൾക്ക് സുതാര്യമായതും മികവുറ്റതുമായ ബാങ്കിംഗ് സർവ്വീസ് നൽകുന്നത്. ഈ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് യഥാസമയം റിവ്യൂ ചെയ്യുകയും കാലത്തിനനുസരിച്ച് മാറ്റം വരുത്തേണ്ടതുണ്ട്.

(ബി) ബാങ്കുകൾ ഈടാക്കുന്ന അമിത ഫീസ്, വിവിധ തരം പിഴകൾ, ഇടപാടുകളിലെ നിയന്ത്രണം തുടങ്ങിയവ നിയന്ത്രിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ബാങ്കുകൾ ഇടപാടുകാരിൽനിന്നും ഓരോ സേവനങ്ങൾക്കും ഈടാക്കുന്ന ചാർജ്ജുകൾ സംബന്ധിച്ച വിവരം, അതിൽ വരുന്ന മാറ്റങ്ങൾ എന്നിവ യഥാസമയം ഉപഭോക്താക്കളെ അറിയിക്കുന്നതിനായി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതോടൊപ്പംതന്നെ അതാതു ബാങ്കുകളുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നുണ്ട്.

(സി) പ്രസ്തുത വിഷയത്തിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബാങ്ക് ലോൺ അനുവദിക്കുന്നതിലുള്ള കാലതാമസം, അമിത ചാർജ്ജ് ഈടാക്കൽ എന്നിവ സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് സംസ്ഥാന തല ബാങ്കേഴ്സ് സമിതിയുടെ (SLBC) ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്.

സ്പാർക്ക്

86(96) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ കീഴിലുള്ള സ്പാർക്ക് സംവിധാനത്തിന്റെ ചുമതലയും മേൽനോട്ടവും ആർക്കാണെന്ന് വ്യക്തമാക്കാമോ; ഇവിടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് എന്നറിയിക്കാമോ?

ധനകാര്യ വകുപ്പിന് കീഴിലുള്ള സ്പാർക്ക് (പി.എം.യു.) വകുപ്പിന്റെ ചുമതല ചീഫ് പ്രോജക്ട് മാനേജർക്കാണ് (ധനകാര്യ അഡീഷണൽ സെക്രട്ടറി) മെയിൽ, ഫോൺ, ചാറ്റ് എന്നിവയിലൂടെ സ്പാർക്ക് സോഫ്റ്റ്വെയർ സംബന്ധമായ സംശയ ദൂരീകരണവും ഇതുമായി ബന്ധപ്പെട്ട് സ്പാർക്ക് (പി.എം.യു.) ഓഫീസ് സന്ദർശിക്കുന്ന ജീവനക്കാർക്ക് ആവശ്യമായ സഹായങ്ങളും നൽകിവരുന്നു.

(ബി) ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളത്; സ്ഥിരം/താല്കാലികം എന്ന തരത്തിൽ വിശദമാക്കാമോ?

ഈ സ്ഥാപനത്തിൽ മൊത്തം 60 ജീവനക്കാരുണ്ട്. അതിൽ സ്ഥിരം- 6, താൽക്കാലികം-54, മാസ്റ്റർ ട്രെയിനേഴ്സ്-43 (6 പേര് കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലാ ട്രഷറികളിലും 3 പേർ കണ്ണൂർ സ്പാർക്കിന്റെ റീജീയണൽ ഓഫീസിലും) പ്രോഗ്രാമേഴ്സ് -5 (NIC-യിൽ) സിസ്റ്റം അഡ്മിൻ- 2, സെക്യൂരിറ്റി-3, ഓഫീസ് അറ്റൻഡൻഡ് -1.

(സി) പ്രസ്തുത ഓഫീസിൽ ഫോൺ അനുവദിച്ചിട്ടുണ്ടോ; ആയതിന്റെ നമ്പർ അറിയിക്കാമോ; ഇതിൽ വിളിച്ചാൽ എടുക്കുന്നില്ല എന്ന പരാതി നിലനിൽക്കുന്നുണ്ടോ; സംസ്ഥാനത്തെ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ സംശയങ്ങളും പരാതികളും പരിഹരിക്കുന്നതിനായി ഈ ഫോണിൽ വിളിച്ചാൽ മറുപടി കിട്ടുന്നില്ല എന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly